**പതിമൂന്നാം കേരള നിയമസഭ**
**പത്താം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 1675 21/01/2014-ൽ മറുപടിയ്ക്ക്

**കുന്ദമംഗലം മണ്ഡലത്തിൽ 'നിറവ്' പദ്ധതി**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. പി.റ്റി. എ. റഹീം | **ശ്രീ . കെ.പി.മോഹനൻ**<br>(ബഹു. കൃഷിയും മൃഗസംരക്ഷണവും അച്ചടിയും സ്റ്റേഷനറിയും വകുപ്പു മന്ത്രി) |
| എ) കോഴിക്കോട് ജില്ലയിൽ കൃഷി വകുപ്പ് മുഖേന നടപ്പിലാക്കുന്ന 'നിറവ്' പദ്ധതി ഏതെല്ലാം നിയോജക മണ്ഡലങ്ങളിലാണ് നടപ്പാക്കിയിട്ടുള്ളതെന്ന് വ്യക്തമാക്കാമോ; | എ) കോഴിക്കോട് ജില്ലയിൽ 2012-13 വർഷത്തിൽ ബാലുശ്ശേരി, പേരാമ്പ്ര, നാദാപുരം എന്നീ നിയോജക മണ്ഡലങ്ങളിലാണ് 'നിറവ്' പദ്ധതി നടപ്പിലാക്കുന്നത്. നടപ്പു വർഷം ഏലത്തൂർ, തിരുവമ്പാടി, വടകര, കുറ്റ്യാടി എന്നീ നിയോജക മണ്ഡലങ്ങളിൽ കൂടി പദ്ധതി നടപ്പിലാക്കുന്നതാണ്. |
| ബി) പ്രസ്തുത പദ്ധതിയുടെ കീഴിൽ നടപ്പിൽ വരുത്തുന്ന പ്രവൃത്തികൾ വിശദമാക്കാമോ; | ബി) 2012-13 കൃഷി വകുപ്പ് 345 ഹെക്ടറിൽ നെൽകൃഷി ഊർജ്ജിതമാക്കാനുള്ള പദ്ധതിയും, ക്ലസ്റ്റർ അടിസ്ഥാനത്തിൽ 500 ഹെക്ടർ നാളികേര കൃഷിയും നിറവ് പദ്ധതിയുടെ ഭാഗമായി നടപ്പാക്കി വരുന്നു.<br><br>കോഴിക്കോട് ജില്ലയിലെ നാദാപുരം മണ്ഡലത്തിൽ നിറവ് പദ്ധതി പ്രകാരം മൃഗസംരക്ഷണ വകുപ്പ് കിടാരി വളർത്തൽ പദ്ധതിയാണ് നടപ്പിലാക്കുന്നത്. പദ്ധതിയുടെ ഭാഗമായി 13.6 **ലക്ഷം** രൂപ സഹായധനമായി നൽകിക്കൊണ്ട് 40 കിടാരിവളർത്തൽ യൂണിറ്റുകൾ നടപ്പിലാക്കുന്നു.<br><br>• വെജിറ്റബിൾ & ഫ്രൂട്ട് പ്രൊമോഷൻ കൗൺസിൽ മുഖാന്തിരം നിയോജകമണ്ഡലങ്ങളിലെ വീടുകളിൽ പച്ചക്കറികൃഷി വ്യാപിപ്പിക്കുന്നതിന്റെ ഭാഗമായി പച്ചക്കറി വിത്ത് പായ്ക്കറ്റുകളുടെ വിതരണം, പച്ചക്കറി തൈകളുടെ വിതരണം, തരിശു ഭൂമിയിലേയ്ക്ക് പച്ചക്കറികൃഷി വ്യാപനം, കിഴങ്ങുവർഗ്ഗവിള കിറ്റുകളുടെ വിതരണം, ഫലവൃക്ഷത്തൈകളുടെ വിതരണം, ടിഷ്യൂക്കൾച്ചർ വാഴകളുടെ വിതരണം എന്നിവ നടത്തുകയുണ്ടായി<br><br>• ഉപഭോക്താക്കൾക്ക് ന്യായവിലയിൽ പച്ചക്കറികൾ ലഭ്യമാക്കുന്നതിനായി ബാലുശ്ശേരി നിയോജക മണ്ഡലത്തിൽ ചില്ലറ വില്പനശാല പ്രവർത്തനം ആരംഭിച്ചിട്ടുണ്ട്. നാദാപുരം, പേരാമ്പ്ര എന്നീ നിയോജക മണ്ഡലങ്ങളിൽ ചില്ലറ വില്പനശാലകൾ ആരംഭിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചുവരുന്നു. |

| | |
|---|---|
| സി) കുന്ദമംഗലം നിയോജക മണ്ഡലത്തിൽ പ്രസ്തുത പദ്ധതി നടപ്പിലാക്കാൻ നടപടി സ്വീകരിക്കുമോ; വിശദമാക്കുമോ? | സി) പരിശോധിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ